# സ്വർഗ്ഗാരോപിതമാതാ ദൈവാലയം

## മരിയനാട്



# വചനധ്വനി

### 2025 ജൂൺ കുടുംബ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ട യോഗക്രമം.

**ഒരുക്കം** :യോഗം കൂടുന്ന വീട് നന്നായി ഒരുക്കിയിരിക്കണം. യോഗം കൂടുന്ന ഹാളിന്റെ നടുക്ക് ബൈബിൾ ഒരുക്കിവയ്ക്കണം. യോഗം നടക്കുന്ന വീട്ടുകാർ യൂണിറ്റിലെ എല്ലാവരെയും യോഗം അറിയിക്കണം. യോഗത്തിൽ പങ്കെടുക്കുന്നവർ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം. എല്ലാവരും ബൈബിളിന ചുറ്റും വട്ടത്തിൽ ഇരിക്കണം.

1. **പരിശുദ്ധാത്മാവിന്റെ ഗാനം :** ഗാനം ആലപിക്കുമ്പോൾ തന്നെ അംഗങ്ങൾ ബൈബിൾ വന്ദനം ചെയ്യണം.

2. **സ്വാഗതം :** കുടുംബനാഥൻ/കുടുംബനാഥ, എല്ലാവരെയും സ്വാഗതം ചെയ്യണം.

3. **ആമുഖം :**

**പ്രിയപ്പെട്ടവരെ, ജൂൺ മാസം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഹൃദയത്തിൽ പുതുമയുടെ പകിട്ടുള്ള വാതായനം തുറക്കുന്ന കാലഘട്ടമാണ്. പുതിയ പുസ്തകങ്ങളിലേക്കും ക്ലാസുകളിലേക്കുമുള്ള പ്രവേശനം മാത്രമല്ല ഈ കാലഘട്ടം, അതിനേക്കാൾ ഉപരി അറിവിൻറെ ആഴത്തിലേക്കും ആത്മാവിൻറെ ഉയരത്തിലേക്കും ദൈവം നമ്മെ ക്ഷണിക്കുന്ന ദൈവീക യാത്രയാണ് വിദ്യാഭ്യാസം. വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. ദൈവഭക്തിയാണ്** അറിവിന്റെ ഉറവിടം (സുഭാ 1:7) **യേശു സ്വയം ഒരു ഗുരുവായി സമർപ്പിച്ചതുപോലെ വിദ്യാർഥികളായ നമുക്ക് ആ മഹാഗുരുവിൽ നിന്ന് പഠിക്കുകയും ഹൃദയത്തെ ഉയർത്തുകയും മനുഷ്യരുമായി ദൈവം ആഗ്രഹിക്കുന്ന ബന്ധത്തിലേക്ക് നയിക്കുകയുമാണ് ചെയ്യേണ്ടത്.** വിദ്യാഭ്യാസം പ്രഥമ ലക്ഷ്യമായി പരിഗണിക്കണം. ആധുനികലോകം വിജ്ഞാനത്തിന്റെ **വേഗതയിലും മത്സരത്തിലും വിദ്യാഭ്യാസത്തെ**

ഒതുക്കി കൊണ്ടിരിക്കുമ്പോൾ യഥാർത്ഥ വിദ്യാഭ്യാസം പകരേണ്ടത് അണിയുന്ന യൂണിഫോമിലോ ലഭിക്കുന് സർട്ടിഫിക്കറ്റുകളിലോ ഒതുങ്ങേണ്ടതല്ലെന്നും മറിച്ച് ഹൃദയത്തിൽ നിന്നുയരുന്ന ആത്മീയതയും സേവന ബോധരുമാണെന്ന് ഓർമ്മപ്പെടുത്തുന്നു. വിദ്യാഭ്യാസം വ്യക്തിഗത ഉയർച്ചയ്ക്കു വേണ്ടിയുള്ളതല്ല അത് സമൂഹത്തെയും ദൈവരാജ്യത്തെയും രൂപപ്പെടുത്താനുള്ള ആത്മീയ കർത്തവ്യമായി അധ്യാപകരും വിദ്യാർത്ഥികളും ഉൾക്കൊള്ളണം. ഈ അധ്യായന വർഷം വിജ്ഞാനത്തിലൂടെയും ഭക്തിയിലൂടെയും വളരുവാനും നന്മയുടെ വഴി കണ്ടെത്താനും മറ്റുള്ളവർക്ക് പ്രകാശമായി നിലകൊള്ളാനും ദൈവം നമ്മെ നടത്തിയ വഴികൾ തിരിച്ചറിയാനുംമുള്ള ഒരു പൊന്നവസരമായിരിക്കട്ടെ. കുടുംബയോഗത്തിൽ എന്താണ് യഥാർത്ഥ വിദ്യാഭ്യാസമെന്നും എന്താണ് മാതാപിതാക്കളുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെ രൂപീകരണത്തിനുള്ള നിർണായക പങ്ക് എന്നതിനെക്കുറിച്ചും നമുക്ക് ധ്യാന വിഷയമാക്കാം.

**യേശുവിനെ ക്ഷണിക്കൽ :-**

**ലീഡർ : ''എന്റെ നാമത്തിൽ നിങ്ങൾ ഒന്നിച്ച് കൂടുമ്പോൾ നിങ്ങളുടെ മദ്ധ്യേ ഞാനുണ്ടാകും''** എന്ന് നമുക്ക് വാഗ്ദാനമരുളിയ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് അനുസ്മരിക്കാം.

4. **വിശ്വാസപ്രമാണം***(എല്ലാവരും ഒരുമിച്ചു ചൊല്ലുന്നു)*

**ലീഡർ :** നമുക്ക് ഓരോരുത്തർക്കും ചുരുങ്ങിയ വാക്കുകളിൽ ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം. (5 പേർ യേശുവിനെ ക്ഷണിച്ചുള്ള പ്രാർത്ഥനകൾ ചൊല്ലുന്നു - മറ്റുള്ളവർ മറുപടിയായ് ''**യേശുവേ ഞങ്ങളുടെ മദ്ധ്യേ കടന്നു വരേണമേ**''എന്ന് പറയുന്നു.)

5. **സങ്കീർത്തനം : 41**

എല്ലാവരും ബൈബിൾ തുറന്ന് വായിച്ച് പ്രാർത്ഥിക്കുന്നു.

*(ലീഡർ ഒരു വാക്യം വായിക്കുമ്പോൾ മറ്റുള്ളവർ അടുത്ത വാക്യം വായിക്കുന്നു.)*

6. **വചനഗീതി**

7. **വചനപാരായണം : വി.ലൂക്ക 2: 4652**

8. **വചനവിചിന്തനം :-**

സ്നേഹം നിറഞ്ഞവരെ,

എന്താണ് വിദ്യാഭ്യാസം? ഒരു വിദ്യാർത്ഥിയുടെ ബുദ്ധിയും മനസ്സും ആത്മാവും സാമൂഹിക ബോധവും സമഗ്രമായി വളർത്തുന്നതിലൂടെ സത്യം നീതി കരുണ എന്നീ മൂല്യങ്ങളിൽ വിദ്യാർത്ഥികളെ വളർത്തുകയും ദൈവീക സാന്നിധ്യത്തിൽ ജീവിക്കുവാനും മറ്റുള്ളവരെ

സേവിക്കാനുമുള്ള ദൈവിക വിളിയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം വെറുമൊരു വിജ്ഞാനം ശേഖരണമല്ല ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിരിക്കുന്നു കഴിവുകളും വിളിയും കണ്ടെത്തുന്നതിനുള്ള

ഉപാധി കൂടിയാണ്. വിദ്യാഭ്യാസം മനുഷ്യന്റെ ബുദ്ധിയും ഹൃദയവും ആത്മാവും സമഗ്രമായി വളരുന്നതിന് സഹായിക്കുന്നതും സത്യവും നീതിയും സ്നേഹവും അടിസ്ഥാനമാക്കിയ ജീവിതത്തിലേക്കുള്ള ആഹ്വാനമാണ്. ഈ പ്രക്രിയയിലൂടെ ഒരുവൻ ദൈവത്തെയും സഹോദരനെയും സ്നേഹിക്കുവാനും സമൂഹത്തെ സേവിക്കുവാനും ഒരുക്കപ്പെടുന്നു. സഭാ പിതാക്കന്മാരുടെ കാഴ്ചപ്പാടിൽ യഥാർത്ഥ വിദ്യാഭ്യാസം ഭൗതിക വളർച്ച മാത്രമല്ല, സത്യത്തിലും സ്നേഹത്തിലും സേവനത്തിലുമുള്ള ഒരാളുടെ സമഗ്ര വളർച്ചയാണ്. പുതിയൊരു അധ്യാന വർഷം ആരംഭിക്കുന്ന പശ്ചാത്തലത്തിൽ നാം ശ്രവിച്ച സുവിശേഷത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ജ്ഞാനത്തിലും പ്രായത്തിലുമുള്ള വളർച്ച ഓരോ വിദ്യാർത്ഥിക്കും അനുകരണീയമാണ്. യേശുനെ തീക്ഷ്ണതയുള്ള പഠനശീലമുള്ള ഒരു വിദ്യാർത്ഥിയായി ചിത്രീകരിക്കുന്നു. 12-ാം വയസ്സിൽ ദേവാലയത്തിൽ ആയിരുന്നു കൊണ്ട് റബ്ബിമാരുടെ / ഗുരുക്കളുടെ വിജ്ഞാനം ശ്രമിക്കുന്നു, ചിന്തിക്കുന്നു, അവരോട് ചോദ്യങ്ങൾ ഉന്നയിക്കുന്നു. ഇന്നത്തെ വിദ്യാർത്ഥികൾക്ക് വേണ്ടത് കേൾക്കാനുള്ള മനസ്സും ചോദിക്കാനുള്ള ധൈര്യവും സത്യത്തെ അറിയുവാനുള്ള ആവേശവുമാണ്. അധ്യാപകരുടെയും മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പങ്ക് വിദ്യാർത്ഥി രൂപീകരണത്തിൽ മഹത്വമേറിയതാണ്.

ദൈവഭയം അറിവിന്റെ ആരംഭം എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുമ്പോൾ യേശുവിന്റെ ബാല്യകാല ജീവിതം നമുക്കു നൽകുന്ന ഒരു ചിത്രമുണ്ട്. മറിയവും യൗസേപ്പിതാവും ഓരോ വർഷവും യേശുവിനെ ജെറുസലേം ദേവാലയത്തിലേക്ക് കൊണ്ടുപോകുമ്പോൾ ദൈവഭയമുള്ള, ദൈവവിശ്വാസമുള്ള മാതാപിതാക്കളുടെ ഉത്തരവാദിത്വത്തെയും ബോധ്യത്തെയും ജാഗരൂകതയേയും എടുത്തുകാട്ടുന്നു. ഇത് വിദ്യാഭ്യാസത്തിന്റെ ആരംഭ ഘട്ടം കുടുംബത്തിൽ നിന്നാണെന്ന് ഊട്ടിയുറപ്പിക്കുന്നു. കുട്ടികളുടെ പഠനവും വളർച്ചയും അവരുടെ മൗലിക അവകാശങ്ങൾ മാത്രമല്ല, അത് മാതാപിതാക്കളുടെയും സമൂഹത്തിന്റെയും ദൈവീക ചുമതലയാണ്. അച്ഛനും അമ്മയും അധ്യാപകരാകുമ്പോൾ വീടുകൾ വിദ്യാലയങ്ങളായി മാറുന്നു. സമൂഹം മൗനം അവലംബിക്കുന്ന നിരീക്ഷകർ മാത്രമല്ല; വളർച്ചയെ ആശീർവദിക്കുന്ന സഹയാത്രികരായിട്ട് മാറണം. പ്രചോദനമായ ഒരു വാക്ക്, നല്ലൊരു മാതൃക, ആദർശവാനായ അധ്യാപകൻ ഇവയൊക്കെ കുട്ടിയുടെ ഭാവിയെ നിർണയിക്കുന്ന ശക്തി കേന്ദ്രങ്ങളാണ്.

ആധുനിക വിദ്യാഭ്യാസത്തിന്റെ ദിശ: ഇന്നത്തെ സമൂഹത്തിൽ വിദ്യാഭ്യാസം പലപ്പോഴും റാങ്കുകളിലേക്കും ഉന്നത വിജയത്തിലേക്കും

**തൊഴിലിലേക്കും മാത്രം ചുരുങ്ങുമ്പോൾ സമഗ്രമായ ഒരു ജീവിത നവീകരണമാണെന്ന വസ്തുത പലപ്പോഴും മറന്നുപോകുന്നു. എന്നാൽ ജീവിത മൂല്യമുള്ള വിദ്യാഭ്യാസമാണ് നമുക്ക് ആവശ്യം. ആ അറിവിലേക്ക് നമ്മുടെ കുട്ടികളെ നയിക്കുന്നതാകണം നമ്മുടെ പ്രവർത്തികൾ.**

**ദൗത്യം ഏറ്റെടുക്കൽ**

**1.** എല്ലാ ഭവനങ്ങളും സന്ദർശിച്ച് കുട്ടികൾക്ക് പഠന സാമഗ്രകൾ ഉണ്ടോ എന്ന് ഉറപ്പു വരുത്തുക ഇല്ലാത്തപക്ഷം വേണ്ടത് കുട്ടികൾക്ക് നല്കുക.

**2.** യൂണിറ്റിലെ എല്ലാ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം (എഴുത്ത്+ വായന) ഉണ്ടെന്ന് ഉറപ്പു വരുത്തുക.

**3.** പാവപ്പെട്ട കുട്ടികളെ പഠിക്കാൻ സഹായിക്കുക. സാമ്പത്തിക സഹായം രഹസ്യസ്വഭാവമുള്ളതായിരിക്കണം.

**4.** യൂണിറ്റിലെ എല്ലാ കുട്ടികളും മതബോധന ക്ലാസിൽ കൃത്യമായി പോകുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക.

**5.** +2 ജയിച്ച എല്ലാ കുട്ടികളും പഠിക്കാൻ പോകുന്നുവോ എന്ന് ഉറപ്പാക്കുക.

**9. റിപ്പോർട്ട്**

**10. ഹാജർ**

**11. അടുത്ത യോഗം നിശ്ചയിക്കുക**

**12. ചർച്ച**

**13. കുടുംബയൂണിറ്റ് പ്രതിഷ്ഠാ പ്രാർത്ഥന :**

*(ലീഡർ ചൊല്ലിക്കൊടുക്കുന്നു, മറ്റുള്ളവർ അത് ഏറ്റു പറയുന്നു)*

കാരുണ്യവാനായ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു, ആരാധിക്കുന്നു, മഹത്വപ്പെടുത്തുന്നു. അങ്ങ് ഞങ്ങളിൽ ചൊരിഞ്ഞ അനുഗ്രഹങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തെയും, മനുഷ്യരെയും സ്നേഹിക്കുക എന്നതാണ് ഞങ്ങളുടെ കടമയെന്ന് ഏറ്റു പറയുന്നു. ദൈവീക സ്നേഹം അനുഭവിക്കാനും, ആ സ്നേഹത്തിൽ എന്നും നിലനിൽക്കാനും, ആ സ്നേഹം സഹോദരങ്ങൾക്ക് പകർന്ന് നൽകാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ സ്വാർത്ഥതകൾ വെടിഞ്ഞ്, ഹൃദയവിശാലതയും, പരസ്നേഹവും അഭ്യസിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അയൽ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, ആവശ്യക്കാരെ സഹായിക്കാനും, രോഗികളെ ശുശ്രൂഷിക്കാനും, തെറ്റുകൾ ക്ഷമിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ദൈവവചനം മനസ്സിലാക്കാനും, ദൈവവിശ്വാസത്തിൽ ശക്തിപ്പെടാനും, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളിൽ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കണമേ.

ദൈവമാതാവായ പരിശുദ്ധ കന്യകാമറിയമേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ യൗസേപ്പിതാവേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല മാലാഖമാരേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

വിശുദ്ധ അന്തോനീസേ : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

ഞങ്ങളുടെ കുടുംബയൂണിറ്റിന്റെ മദ്ധ്യസ്ഥനായ.... : **ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

സകല വിശുദ്ധരേ :**ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ.**

**14. മദ്ധ്യസ്ഥ പ്രാർത്ഥന**

**ലീഡർ : നമ്മുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിനോട് നമ്മുടെ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാം.**

**സ്വയം പ്രേരിത പ്രാർത്ഥന (പങ്കെടുക്കുന്നവർ പറയുന്നു.)**

**കുടുംബയോഗം നടന്ന ഭവനത്തിന് വേണ്ടി ലീഡർ പ്രാർത്ഥിക്കുന്നു.**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...........

നന്മ നിറഞ്ഞ മറിയമേ...........

15. **ഭാരവാഹികളിൽ ഒരാൾ എല്ലാവർക്കും നന്ദി പറയുന്നു.**

16. **സമാപന ഗാനം**